## രാജീവ് ആവാസ് യോജന പദ്ധതികൾ

112 (3315) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. ജോസഫ് വാഴക്കൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ആവാസ് യോജന പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) ചേരിരഹിത ഭാരതം വിഭാവന ചെയ്തുകൊണ്ട് നഗരങ്ങളിലെ പൗരന്മാർക്ക് പാർപ്പിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് രാജീവ് ആവാസ് യോജന. രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്. ആദ്യപടിയായി നഗരസഭകളിൽ ചേരിരഹിത നഗരാസൂത്രണ കർമ്മ പരിപാടി തയ്യാറാക്കുന്നു. 15 വർഷം മുൻകൂട്ടിക്കണ്ടുകൊണ്ട് നഗരത്തെ ചേരി രഹിതമാക്കുന്നതിനായി തയ്യാറാക്കുന്ന സമഗ്ര മാർഗ്ഗരേഖയാണ് ചേരിരഹിത നഗരാസൂത്രണ കർമ്മ പരിപാടി (എസ്.എഫ്.സി.പി.ഒ.എ.). നിലവിലുള്ള ചേരികൾ വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഭാവിയിലെ ചേരിയിലെ വളർച്ച തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങുന്ന സമഗ്ര രൂപരേഖയാണിത്. തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട ചേരികൾക്കായി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നു.

താഴെപ്പറയുന്ന നഗരസഭകളിൽ ചേരിരഹിത നഗരാസൂത്രണ കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്:

1. തിരുവനന്തപുരം
2. കൊല്ലം
3. തൃശ്ശൂർ
4. കോഴിക്കോട്
5. കണ്ണൂർ.

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചി നഗരസഭയെ പ്രസ്തുത പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും കർമ്മപരിപാടി തയ്യാറാക്കിയിട്ടില്ല.

(സി) നഗരസഭകളുടെ അനുമതിയോടെ സംസ്ഥാനതല നോഡൽ ഏജൻസിക്ക് സമർപ്പിച്ച കർമ്മ പരിപാടികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല സാങ്ഷനിംഗ് & മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതിയോടെ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു.

രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് 160.77 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഇതിൽ 86 വീടുകളുടെ നിർമ്മാണം പൂർത്തിയായി. 325 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ബാക്കിയുള്ളവ പ്രാരംഭഘട്ടത്തിലാണ്.

രാജീവ് ആവാസ് യോജന പദ്ധതിക്ക് പകരം പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രഖ്യാപിച്ച സാഹചര്യത്തിൽ ചേരിരഹിത നഗരാസൂത്രണ പദ്ധതി ഹൗസിംഗ് ഫോർ ആൾ പ്ലാൻ ഓഫ് ആക്ഷനുമായി സംയോജിപ്പിക്കുവാൻ കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം നിർദ്ദേശിക്കുന്നു.

## ന്യൂനപക്ഷ വിഭാഗ സ്ത്രീശാക്തീകരണം

113 (3316) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാനും തൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിനുമായി പദ്ധതി പ്രഖ്യാപിച്ചിരുന്നോ; 2012-13 ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയ തുക, അനുവദിച്ച തുക, ഈ ഇനത്തിൽ ട്രഷറിയിൽ മിച്ചമുള്ള തുക എന്നിവയുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി തുടർന്നുള്ള ഓരോ ബഡ്ജറ്റിലും അനുവദിച്ച തുക എത്രയെന്നും ട്രഷറിയിൽ നിന്നും പിൻവലിക്കാത്ത തുക എത്രയെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ;

(സി) ജില്ലാടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിപ്രകാരം എത്ര സ്വയം സഹായ സംഘങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്; എത്ര പേർക്ക് തൊഴിൽ പരിശീലനം നൽകി; എത്ര പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly